# ACADEMIC MASTER PLAN 2025-2026

ESTD-1938

# MOTHER TERESA UP SCHOOL VADAKKENCHERRY

Enrich, Empower, Enlight



# ACADEMIC MASTER PLAN 2025 - 2026
# MOTHER TERESA UP SCHOOL
# VADAKKENCHERRY

<u>വിദ്യാലയം ഒറ്റ നാട്ടത്തിൽ</u>

വിദ്യാലയത്തിന്റെ പേര് : മദർ തെരേസ യുപി സ്കൂൾ
UDISE കാഡ് : 32060200604
School കാഡ് : 21272
ഉൾപ്പെടുന്ന പഞ്ചായത്ത്, വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് വാർഡ് 13
ഉജില്ല : ആലത്തൂർ
ബി ആർ സി : ആലത്തൂർ
സി ആർ സി : പന്നിയങ്കര
ബ്ലാക്ക് ഞ്ചായത്ത് : ആലത്തൂർ
വിദ്യാഭ്യാസ ജില്ല : പാലക്കാട്
ജില്ല : പാലക്കാട്
നിയമസഭാ മണ്ഡലം : തരൂർ
ലോക്സഭാ മണ്ഡലം : ആലത്തൂർ
താലൂക്ക് : ആലത്തൂർ
വില്ലേജ് : വടക്കഞ്ചേരി I
സംസ്ഥാനം : കേരളം
പിൻകാഡ് : 678683
ഫോൺ നമ്പർ : 04922259179
ഇ – മെയിൽ : motherteresamailbox@gmail.com

<u>ആമുഖം</u>

ആലത്തൂർ സബ് ജില്ലയിൽ കഴിഞ്ഞ 85ൽ അധികം വർഷങ്ങളായി പ്രൗഢഗംഭീരമായി രീതിയിൽ പ്രവർത്തിച്ചുവരുന്ന വിദ്യാലയമാണ് മദർ തെരേസ യുപി സ്കൂൾ. വടക്കഞ്ചേരി പ്രദേശത്തെ പെൺകുട്ടികളുടെ മാത്രം വിദ്യാഭ്യാസത്തെ മുൻനിർത്തി പെൺപള്ളിക്കൂടമായി ആദ്യകാല പ്രവർത്തനമാരംഭിച്ച ഈ സ്കൂൾ 1940ൽ ശ്രീ വി പി ഉണ്ണാലച്ചന്റെ ശ്രമഫലമായാണ് ഹയർ എലമെന്ററി സ്കൂൾ ആയി ഉയർന്നത്. അദ്ദേഹത്തിന്റെ ഭാര്യയായിരുന്ന ശ്രീമതി സരസ്വതി നേത്യാരുടെ സ്മരണയെ മുൻനിർത്തിയാണ് ഈ വിദ്യാലയത്തിന് സരസ്വതി വിലാസം എന്ന് പേര് നൽകിയത്. പ്രഗൽഭരായ നിരവധി അധ്യാപകരുടെ പ്രയത്നവും ആത്മ വിശ്വാസവും കൊണ്ടാണ് ഈ സ്കൂളിന് ശക്തമായ ഒരു അടിത്തറ ഉണ്ടായത്. 2007 ൽ ശ്രീ തോമസ് മാത്യു വിദ്യാലയം ഏറ്റെടുത്തതോടുകൂടി ഈ സരസ്വതി ക്ഷേത്രത്തിന്റെ മുഖച്ഛായ തന്നെ മാറി.ഇന്ന് വടക്കഞ്ചേരിയുടെ ഹൃദയഭാഗത്ത് തലയെടുപ്പോടെ ഉയർന്നു നിൽക്കുന്ന എല്ലാ ഭൗതിക സൗകര്യങ്ങളോടും കൂടിയ വിദ്യാലയമാണിത്. പഴയ പ്രതാപത്തിന്റെ തനിമയും പ്രൗഢിയും ഒട്ടും കൈവിടാതെ പുതുമയുടെ ലോകത്തേക്ക് കുതിക്കുന്ന വിദ്യാലയം 2011ൽ മദർ തെരേസ യുപി സ്കൂൾ എന്ന പുതിയ പേര് സ്വീകരിച്ചു. കാലത്തിനൊപ്പം സഞ്ചരിച്ചു കൊണ്ട് കാലത്തിനതീതമായി ചിന്തിക്കുകയും കൂടെ ചെയ്യുന്ന ഒരു മാനേജരുടെ പിന്തുണ ഈ വിദ്യാലയത്തെ ഉയരങ്ങളിലേക്ക് എത്തിച്ചു. വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വളർച്ചയെ കൂടി മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ വിദ്യാലയം മുന്നോട്ട് വയ്ക്കുന്നത്.

## ലക്ഷ്യങ്ങൾ

വിദ്യാലയത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ (Objectives of School) സാധാരണയായി വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ചയെ ലക്ഷ്യമിട്ടുള്ളവയാണ്.

പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു:

1. അക്കാദമിക് വിജ്ഞാനത്തിന്റെ പ്രചരണം പാഠ്യപദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് അടിസ്ഥാന ശാസ്ത്രം, ഗണിതം, ഭാഷകൾ, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ ജ്ഞാനം ലഭ്യമാക്കുക.
ചിന്തനശേഷിയും പഠനശേഷിയും വികസിപ്പിക്കുക.
2. സമഗ്ര വ്യക്തിത്വ വികസനം
ആത്മവിശ്വാസം, നേതൃത്വം, ശീലം, സാമൂഹിക ഉത്തരവാദിത്തം തുടങ്ങിയവ വളർത്തുക.
ആത്മശാസ്ത്രവും മാനസികാരോഗ്യവും ഉത്തേജിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തുക.
3. സാമൂഹിക മൂല്യങ്ങളുടെ വളർത്തൽ
അനുസരണം, സഹിഷ്ണത, സഹവാസം, സത്യം, അഹിംസ, പൗരസത്വം തുടങ്ങിയ മൂല്യങ്ങൾ വിദ്യാർത്ഥികളിൽ ഉൾക്കൊള്ളിക്കുക.
മതസൗഹാർദവും ലോകസൗഹാർദവുമുള്ള പൗരന്മാരെ വളർത്തുക.
4. ശാരീരികവും മാനസികവുമായ ആരോഗ്യം
കായികവും യോഗ യും ഉൾപ്പെടുന്ന പരിപാടികൾ വഴി വിദ്യാർത്ഥികളുടെ ശാരീരിക ആരോഗ്യം നിലനിർത്തുക.
മനസ്സിന്റെയും ശരീരത്തിന്റെയും സമത്വം ഉറപ്പാക്കുക.
5. സാംസ്കാരികവും സൃഷ്ടിപരവുമായ പ്രകടനങ്ങൾ
കലാരംഗങ്ങളിലും സാഹിത്യരംഗങ്ങളിലും വിദ്യാർത്ഥികൾക്ക് അവസരങ്ങൾ നൽകുക.
അവരിൽ ഉള്ള കലാപ്രതിഭകളെ കണ്ടെത്തുകയും വളർത്തുകയും ചെയ്യുക.
6. വിദ്യാർത്ഥികളിൽ സാമൂഹിക ഉത്തരവാദിത്തം വളർത്തുക
സഹപാഠികളോടും സമൂഹത്തോടും ഉത്തരവാദിത്തത്തോടെ പെരുമാറുന്നതിനുള്ള പരിശീലനം നൽകുക.
പരിസ്ഥിതി സംരക്ഷണവും സുസ്ഥിര വികസനവും പ്രോത്സാഹിപ്പിക്കുക.
7. ജീവിതകൗശലങ്ങളും തൊഴിൽശേഷിയും വികസിപ്പിക്കൽ
വിദ്യാർത്ഥികളെ ഭാവിയിൽ ആത്മപര്യാപ്തരാക്കുന്ന ജീവിതകൗശലങ്ങൾ (life skills) പഠിപ്പിക്കുക.
തികച്ചും തൊഴിൽ സാധ്യതകൾ ഉള്ള മേഖലകളിൽ അവരെ മാനസികമായി തയ്യാറാക്കുക.
8. പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക രിഗണന അർഹിക്കുന്നതുമായ
കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
9. ലഹരിവസ്തുക്കളുടെ ഉയാഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക,അതിന്റെ
ദൂഷ്യഫലങ്ങളെ കുറിച്ച് അവരെ ബാധവാന്മാരാക്കുക.
10. സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി
പ്രവർത്തനങ്ങളിൽ ഏർപ്പെടുക

പദ്ധതി രൂപീകരണം പ്രക്രിയ - വിവിധ ഘട്ടങ്ങൾ

വിദ്യാലയം എന്നത് വെറും വിജ്ഞാന സംഭരണശാല അല്ല; അത് നല്ല മനുഷ്യരെ രൂപപ്പെടുത്തിയെടുക്കുന്ന പ്രധാന കേന്ദ്രമാണ്.

1. എസ് ആർ ജി യോഗത്തിൽ സ്കൂളിന്റെ ലക്ഷ്യങ്ങൾ / കാഴ്ചപ്പാട് എന്നിവ

അവതരിപ്പിക്കലും ചർച്ചയും.
2. വികസനാവശ്യങ്ങൾ ക്ലാസ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂരേഖ തയ്യാറാക്കൽ.
3. കരട് രൂരേഖ SRG, SMC, PTA, MPTA, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
5. SRG കൺവീനറുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

<u>മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ</u>

| <u>അക്കാദമികം</u> | <u>ഭൗതികം</u> | <u>സാമൂഹികം</u> |
|---|---|---|
| • ഗണിതശേഷി വികസനം<br>• ഗണന ചിന്ത<br>• ഭാഷാശേഷി വികസനം<br>• (ഇംഗ്ലീഷ് ,മലയാളം, ഹിന്ദി)<br>• ശാസ്ത്ര പരിപോഷണം<br>• വായനാ<br>• പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>• Integrated lab (I LAB) സജ്ജീകരിക്കൽ<br>• IT പരിശീലനം<br>• താഴിൽ ഉദ്ഗ്രഥിത പഠനം<br>• കായിക ക്ഷമത ആർജിക്കൽ.<br>• കലാകായിക പ്രവർത്തി പരിചയമേളകൾക്ക് പരിശീലനം നൽകുന്നതിന് വിദഗ്ധരുടെ സേവനം | • volleyball court<br>• ഭാഷ ലാബ്<br>• നീന്തൽ കുളം<br>• കുട്ടികൾക്കുള്ള കളിസ്ഥലം<br>• ശുദ്ധമായ കുടിവെള്ള സൗകര്യം<br>• സൗരോർജ്ജ പ്ലാന്റ്<br>• സ്റ്റീം ബോയിൽഡ് കിച്ചൻ<br>• കമ്പ്യൂട്ടർ ലാബ്<br>• ലൈബ്രറി<br>• വായനാമൂല<br>• Display area<br>• മാലിന്യ സംസ്കരണ | • പരിസര<br>• മലിനീകരണത്തിനെതിരെ<br>• ബാധവൽക്കരണം<br>• പ്രാദേശിക യോഗങ്ങൾ<br>• ലഹരിക്കെതിരെയുള്ള<br>• ബാധവൽക്കരണം<br>• വായനക്കൂട്ടം<br>• പുസ്തക സമാഹരണം<br>• പഠനോത്സവം |

# ഒന്നാം ക്ലാസ്
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 - 26

## *ലക്ഷ്യങ്ങൾ*

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാരം രൂപങ്ങളിൽ ഏർപ്പെടാനുമുള്ളവരാക്കുന്നു
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥാകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവർ ആക്കുന്നു
- എല്ലാ കുട്ടികളും സ്വയം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടമെന്ന് ഉറപ്പുവരുത്തുക
- രക്ഷിതാവിൻറെയും അധ്യാപകന്റെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൻ അവ നവമാധ്യമങ്ങളിൽ പങ്കിടൽ
- ലളിതമായ വായനക്കാടുകൾ നിർമ്മിക്കുന്നു വായിക്കുന്നു തിരഞ്ഞെടുത്ത ഡയറികളുടെ പ്രസിദ്ധീകരണം
- തീയറ്റർ സാധ്യത വായനക്കോളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക്
- ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി വിവരണം സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക

‘

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| | • ഒന്നൊരുക്കം (സന്നദ്ധ പ്രവർത്തനങ്ങൾ) | ജൂൺ | ക്ലാസ് ടീച്ചർ |
| അടിസ്ഥാന ഭാഷാശേഷി വികസനം | * വായനോത്സവം കഥാവേളയും<br>* ചെറുകവിതകൾ ചൊല്ലൽ<br>* വായന കാർഡുകൾ | ജൂൺ-മാർച്ച്<br><br>ജൂലൈ ഡിസംബർ ജനുവരി മാസത്തി-ലൊരിക്കൽ | |
| | • അമ്മ പറയട്ടെ അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു | | ക്ലാസ് ടീച്ചർ SRG മദർ PTA |
| സർഗാത്മക ശേഷി വികാസം | * ഭാഷകളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ | സെപ്റ്റംബർ ഒക്ടോബർ | |
| | പാട്ടങ്ങ്,സംയുക്ത ഡയറി,റിസോഴ്സ് തിയേറ്റർ,രജനോത്സവം,തുടങ്ങിയവ സർഗാത്മകശേഷി കുട്ടികളിൽ വികസിപ്പിക്കുന്നു | ആഗസ്റ്റ് മാർച്ച് | ക്ലാസ് ടീച്ചർ SRG മദർ PTA |

‘

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തന ങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണികൾ മഞ്ചാടി സഞ്ചി എൻറെ കുഞ്ഞു പുസ്തകം ജാമ്യ രൂപങ്ങളുടെ നിർമ്മാണം | ജൂൺ മാർച്ച് | ക്ലാസ് 'ടീച്ചർ |
| സംഖ്യാ ബോധം സങ്കലനം വ്യവകലനം സംഖ്യാ വ്യാഖ്യാനം തുടങ്ങിയ പഠന ലക്ഷ്യങ്ങൾ വെച്ചു കൊണ്ടുള്ള പ്രവർത്തന ങ്ങൾക്ക് മുൻതൂക്കം | ഗണിത കേളികൾ മഞ്ചാടി സഞ്ചി' | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ മദർ PTA |

‘

# പരിസരപഠനം

| ലക്ഷ്യം' | പ്രവർത്തനം | | ' - ചുമതല |
|---|---|---|---|
| ആഹാരശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്' | ഭക്ഷ്യമേള പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം ഔഷധത്തോട്ടം | സിസംബർ ജനുവരി | ക്ലാസ് ടീച്ചർ SRG |
| വീട് നിർമ്മാണ ഘട്ടങ്ങൾ നിരീക്ഷണ | field Trip ' | ജനുവരി | ക്ലാസ് ടീച്ചർ SRG |
| ശാസ്ത്രബോധം വളർത്തിയെടുക്കൽ | ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ |

‘

# English

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| providing an oppertunity to listen english | Cartoon screening Rhymes | June - march | Class teacher SRG |
| familiaerse with phatio communication Expressions, such as Hello,I'm sorry Thank you Bye etc…. | Helping learners listen and understand by reading Short Stories or playing audio clips then asking simple questions about the content | June-march | class teacher |
| Read and write simple words and simple sentences | picture cards and reading cards | June-March | Class Teacher |

‘

അക്കാദമിക് മാസ്റ്റർ പ്ലാൻ - രണ്ടാം ക്ലാസ്സ്

ലക്ഷ്യം: രണ്ടാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

Scanned with OKEN Scanner

1. . പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | മെയ് |
| 2. | മധുരം മലയാളം | ജൂൺ മുതൽ മാർച്ച് വരെ |
| 3. | സംയുക്ത ഡയറി | ജൂൺ മുതൽ മാർച്ച് വരെ |
| 4. | പാട്ടരങ്ങ് | ജൂൺ മുതൽ മാർച്ച് വരെ |
| 5. | സചിത്ര പുസ്തകം | ജൂൺ മുതൽ മാർച്ച് വരെ |
| 6. | റീഡേഴ്സ് തിയേറ്റർ | ജൂലൈ മുതൽ മാർച്ച് വരെ |
| 7. | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ മുതൽ മാർച്ച് വരെ |
| 8. | ക്ലാസ് പ്രതം | ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം |
| 9. | രചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ |
| 10. | വായനോത്സവം | ജൂൺ മുതൽ മാർച്ച് വരെ |
| 11. | ഭാഷോത്സവം | ജനുവരി |
| 12. | ഗണിത കേളികൾ | ജൂൺ മുതൽ മാർച്ച് വരെ |
| 13. | ഗണിത കിറ്റ് | ജൂൺ മുതൽ മാർച്ച് |

Scanned with OKEN Scanner

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| | | വരെ |
| 14. | പരീക്ഷണങ്ങൾ | ഓരോ മാസവും ഓരോന്ന് വീതം |
| 15. | ലഘു പ്രോജക്ട് | ഓരോ മാസവും ഓരോന്ന് വീതം |
| 16. | പരീക്ഷണ കിറ്റ് | ജൂൺ മുതൽ മാർച്ച് വരെ |

മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക | SRG, ക്ലാസ് ടീച്ചർ | ലക്ഷ്യം നേടുന്നതുവരെ | PTA ഫണ്ട് |

Scanned with OKEN Scanner

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| | പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | | | |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | പഠനം എളുപ്പമാക്കുക | HM, SRG, ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | PTA |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | HM, SRG, ടീച്ചർ | വർഷം മുഴുവൻ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ-പുസ്തക പരിചയം. | വായനാശീലം വളർത്തുക, ലൈബ്രറി ഉപയോഗപ്പെടുത്തുക. | HM, SRG, ടീച്ചർ | വർഷം മുഴുവൻ | PTA, CPTA |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | വായനയുടെ ആഴം വർദ്ധിപ്പിക്കുക | HM, SRG, ടീച്ചർ | വർഷം മുഴുവൻ | CPTA |
| എഴുതാം | എഴുത്ത് | SRG, ക്ലാസ് | പ്രതിമാസം | PTA |

Scanned with OKEN Scanner

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| തെളിയാം | പരിപോഷിപ്പിക്കൽ. | ടീച്ചർ | (വർഷം മുഴുവൻ) | |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വതന്ത്രരചന നടത്താനുള്ള ശേഷി നേടുന്നു. | ക്ലാസ് ടീച്ചർ, രക്ഷിതാവ് | ജൂൺ-മാർച്ച് | CPTA (₹ 2000) |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | PTA |

Scanned with OKEN Scanner

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| രുചിച്ചറിയാം ... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | SRG, ക്ലാസ് ടീച്ചർ, PTA | വർഷത്തിലൊന്ന് | |
| ഓർക്കാം അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | SRG, ക്ലാസ് ടീച്ചർ, CPTA | ആവശ്യാനുസരണം | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | HM, SRG, CPTA, ക്ലാസ് ടീച്ചർ | | PTA |
| സർഗ്ഗോത്സവം/കലാവതരണം | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | SRG, CPTA, ക്ലാസ് ടീച്ചർ | വർഷത്തിലൊരിക്കൽ | PTA |

**4.** വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് | ഇംഗ്ലീഷ് | ആഴ്ചയിൽ | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| അസംബ്ലി | ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | രണ്ടു ദിവസം (വർഷം മുഴുവൻ) | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | ആഴ്ചയിൽ മൂന്ന് ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകത പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകത, രചനശേഷി വികസനം. | മൂന്ന് മാസം കൂടുമ്പോൾ / മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| ഇംഗ്ലീഷ് കൈയെഴുത്ത് | രചനാമികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | വായനാപരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് | ഇംഗ്ലീഷ് | വർഷത്തി | SRG, | PTA ഫണ്ട് |

Scanned with OKEN Scanner

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഫെസ്റ്റ് | നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | ലൊന്ന് (അവധികാലം) | SMC, ക്ലാസ് ടീച്ചർ | |

5. കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിത ശാസ്ത്ര പഠനം രസകരമാക്ക | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |

Scanned with OKEN Scanner

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | ൽ, കര ചലന ശേഷി വികാസം. | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ടീച്ചർ | PTA |
| ഗണിതച്ചമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

**6. അറിയാം... അടുത്തറിയാം... (പരിസര പഠനം)**

Scanned with OKEN Scanner

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രകൃതി നടത്തം | നിരീക്ഷണം - അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| ശാസ്ത്രമൂല | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ടീച്ചർ | PTA, SSA |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

## അക്കാദമിക മാസ്റ്റർ പ്ലാൻ std 3

പരിസര പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ചുറ്റുപാടുമുള്ള സസ്യങ്ങളെ അറിയാം തരംതിരിക്കാം. | സത്യങ്ങളെ അവയുടെ പ്രത്യേകതകൾ അനുസരിച്ച് സാമ്യങ്ങൾ വ്യത്യാസങ്ങൾ നിരീക്ഷണങ്ങളിലൂടെ തരം തിരിച്ച് മനസ്സിലാക്കൽ. | ജൂൺ, ജൂലൈ | ടീച്ചർ |
| ശാസ്ത്രവബോധം വളർത്തുക പരീക്ഷണങ്ങളിലൂടെ | കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുക കുറുപ്പ് തയ്യാറാക്കുക | ജൂൺ-ഫെബ്രുവരി | ടീച്ചർ-എസ് ആർ ജി |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടിയിൽ.<br>പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ.<br>പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടൽ മനസ്സിലാകാം | ജൂൺ-മാർച്ച് | എസ് ആർ ജി |
| ശുചിത്വം- കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റൽ | ക്ലാസ് തലത്തിൽ ശുചിത്വ പരിശോധന.<br>വ്യക്തി ശുചിത്വ ശീലങ്ങൾ പാലിക്കൽ. | ജൂൺ- മാർച്ച് | പിടിഎ, എസ് ആർ ജി |
| പ്രകൃതി വിഭവ സംരക്ഷണം | ജലസ്രോതസ്സുകൾ സംരക്ഷണം- പോസ്റ്റർ.<br>പ്രവർത്തനങ്ങളിലെ പങ്കാളിത്തം<br>മഴമാപിനി നിർമ്മാണം | ജൂലൈ-ഫെബ്രുവരി | എസ് ആർ ജി |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | പരീക്ഷണം വീട്ടിലും ക്ലാസ് മുറിയിലും നടത്തൽ | ജൂലൈ-ഫെബ്രുവരി | ടീച്ചർ,മാതാപിതാക്കൾ |
| ഭക്ഷ്യവിഭാഗങ്ങളിൽ അടങ്ങിയിരിക്കുന്ന ഭക്ഷ്യവസ്തുക്കളെ കുറിച്ചുള്ള ധാരണ വർദ്ധിപ്പിക്കൽ | വിരുന്നൊരുക്കാം ഭക്ഷ്യവസ്തുക്കളെ തരം തിരിക്കാം. പ്രദർശനം, ഭക്ഷ്യമേള | സെപ്റ്റംബർ-നവംബർ | എസ് ആർ ജി, പിടിഎ |
| കേരളം- ഇന്ത്യ ഭൂപട വായന | ICT | ജനവരി-ഫെബ്രുവരി | ടീച്ചർ |
| NAS/SAS | തയ്യാറെടുപ്പുകൾ | ഓഗസ്റ്റ് -നവംബർ | ടീച്ചർ |

ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ജാമിതീയ രൂപങ്ങളുടെ സൗന്ദര്യം തിരിച്ചറിയാം | തോണിയിൽ എന്തൊക്കെ, രൂപങ്ങൾ നിർമ്മിക്കാം, ചുറ്റുപാടും കാണുന്ന രൂപങ്ങൾ നിരീക്ഷിക്കുന്നു | ജൂൺ -ജൂലൈ | ടീച്ചർ |
| സംഖ്യാ ബോധം | കൂട്ടങ്ങൾ ആക്കൽ, പദസൂര്യൻ തയ്യാറാക്കൽ, സങ്കലനം വ്യവകലനം ഗുണനം, ഗുണനഫലം കണ്ടെത്തുന്നു | ഓഗസ്റ്റ്- ഡിസംബർ | ടീച്ചർ,എ സ് ആർ ജി |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | കച്ചവട കണക്ക്, പണമിടപാടുകൾ, സംഖ്യകളെ വിലയുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു | ജനുവരി- മാർച്ച് | ടീച്ചർ, മാതാപിതാക്കൾ |
| NAS/SAS | മുൻ വർഷത്തെ ചോദ്യപേപ്പർ വിശകലനം, തയ്യാറെടുപ്പുകൾ | ഓഗസ്റ്റ് -നവംബർ | ടീച്ചർ,എ സ് ആർ ജി |

മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ -ഡിസംബർ | അധ്യാപകൻ, എസ് എം സി |
| വായന പരിപോഷണം | വായനാ കളരി, നാട്ടുവായന | ജൂൺ- മാർച്ച് | ടീച്ചർ,സാഹിത്യ ക്ലബ് |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രത്യേക പരിശീലനം | ലക്ഷ്യം നേടുന്നതുവരെ | ടീച്ചർ |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | ജൂൺ -മാർച്ച് | എസ് ആർ ജി, ടീച്ചർ |
| അറിവ് ഡോക്യുമെന്ററിയിലൂടെ | പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം | ആവശ്യാനുസരണം | ടീച്ചർ |
| സർഗോത്സവം | ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | വർഷത്തിലൊരിക്കൽ | SRG, CPTA, HM, TEACHERS |
| ശ്രദ്ധ | കൂട്ടക്ഷരങ്ങൾ പരിചയപ്പെടുത്തുന്ന പ്രവർത്തനങ്ങൾ, വായന കാർഡ് | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |

**ENGLISH**

| AIM | ACTIVITY | TIME PERIOD | RESPONSIBILITY |
|---|---|---|---|
| To develop listening skills and reading skills | Mark the words in the text, change into jumbled order | June-july | Teacher |
| To develop writing skill | Listen to poem and add more lines, dairy writing | June-march | Teacher |
| Conversation | Add more exchange | June - march | Teacher |
| Reading | Read the stories, present stories incorrect and use pronunciation and voice modulation | Whole year | Teacher, SRG |
| English corner | To improve reading and creative skill | Whole year | Teacher, SRG, CPTA, |
| NAS/SAS | Check the ability of students to comprehend | August-November | Teacher, HM, SRGഅക്കാ |

# English – Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദ മായി വായി ക്കാനും സംസാ രിക്കാനും എഴുതു വാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലി യുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാ നുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാ ലയത്തിലും നടത്തുന്ന പ്രവ ർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴു തൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗ ങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവ തരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വിക സനം | മൂന്നു മാസം കൂടു മ്പോൾ കുട്ടിക ളുടെ രചനകൾ ഉൾപ്പെ ടുത്തിക്കൊണ്ട് മാസിക തയ്യാറാ ക്കൽ | മൂന്ന് മാസത്തി ലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയി ലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസ ങ്ങളിലെ പ്രവർത്ത നങ്ങൾ ഉൾക്കൊ ള്ളിച്ച് സുഹൃത്തുക്ക ളുമായി കത്തിട പാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോ ഷണം | കുട്ടികളുടെ നില വാരത്തിനനുസ രിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരു ക്കൽ<br><br>വായനാവേള ഒരു ക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴു തുവാനും കഴി യുന്ന നിലവാരത്തി ലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യു ന്നതിൽ ആത്മവി ശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്ര വർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ഒങ<br>ഇഹ2ലൈ<br>ഠലമരവല്യ<br>ടങ്ങഇ<br>ഇഹ2ലൈ ജഠഅ | ജഠഅ ഉൗിറ<br>ടങ്ങഇ |

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

## പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ ര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ-ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശേ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# ഗണിതം (Std IV)

| കളിക്കാം..ഗണിക്കാം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (എണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

## മസ്റ്റർപ്ലാൻ (അറബിക് ) 2025-2026

## MOTHER TERESA U P SCHOOL VADAKKENCHERRY

<table>
<tr><th></th><th>ലക്ഷ്യം</th><th>പ്രവർത്തനം</th><th>സമയം</th><th>ഭൗതികം</th><th>പിന്തുണ/<br>സാമ്പത്തികം</th></tr>
<tr><td></td><td rowspan="5">ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.<br><br>കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.<br><br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക.<br><br>വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br><br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.<br><br>സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക</td><td>1. മികവിന്റെ വഴിയിൽ<br>► പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>► മുന്നറിവ് പരിശോധിക്കൽ<br>► അക്ഷരങ്ങൾ ഉറപ്പിക്കൽ<br>► വാചകങ്ങൾ നിർമ്മിക്കൽ<br>► ഭാഷാ കളികൾ</td><td>2 months</td><td>പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ</td><td>PTA</td></tr>
<tr><td></td><td>2.വായനാവസന്തം<br>► വായന മത്സരം<br>► ക്ലാസ് ലൈബ്രറി<br>► സ്കൂൾ ലൈബ്രറി<br>► വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>► വായന കുറിപ്പുകൾ<br>► അറബിക് പത്രവായന /റേഡിയോ</td><td>4 months</td><td>പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി.</td><td>PTA</td></tr>
<tr><td></td><td>3.എഴുത്തുത്സവം<br>► എഴുത്തുകൂട്ടം<br>► പതിപ്പുകളുടെ നിർമാണം<br>► വായന കുറിപ്പ് ശേഖരണം<br>► ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>► ഭാഷാ കളികൾ</td><td>6 months</td><td>അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ</td><td>PTA</td></tr>
<tr><td></td><td>4. അറബിക് കമ്മ്യൂണിക്കേഷൻ.<br>► ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>► മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>► യാത്രകൾ<br>► അറബിക് മേള ( നാടകം ,മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>► ഭാഷാ പ്രദർശനം<br>►</td><td>8 months</td><td>ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ</td><td>PTA</td></tr>
<tr><td></td><td>5. ലാംഗ്വേജ് ലാബ്<br>► സ്മാർട്ട് ക്ലാസ്റൂം .<br>► അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>► ചിത്രീകരണങ്ങൾ<br>► സിനിമ<br>► ആനിമേഷൻ<br>► സോഷ്യൽ മീഡിയ ആക്ടിവിറ്റീസ്</td><td>10 months</td><td></td><td>PTA</td></tr>
</table>

അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

വിഷയം : മലയാളം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഭാഷാപരമായ ശേഷിരാഹിത്യം | ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാന ശേഷി പരിശോധന പൂർത്തിയാക്കുന്നു.<br><br>വായനദിനവുമായി ബന്ധപ്പെട്ട് നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ<br><br>. വായനാമൂല സജ്ജീകരിക്കൽ<br><br>. കഥാകവിത രചനകൾ<br>.പി. എൻ പണിക്കർ ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ<br><br>.കഥാവായന, കവിതാലാപനം<br><br>. പഴഞ്ചൊൽ വ്യാഖ്യാനം<br>. പുഷ്പമേള<br>.പ്രാദേശികവും അല്ലാത്തതുമായ കലാകാരന്മാരെ പങ്കുചേർത്ത് കഥ കവിത ശിൽപ്പശാല | ജൂൺ<br>ജൂലൈ<br><br>ഓഗസ്റ്റ് |
| ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | 5,6,7 ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ കണ്ടെത്തുന്നു . പഠനവിഭവങ്ങൾ തയ്യാറാക്കുന്നു.<br><br>ഷോർട്ട്ഫിലിം - പ്രദർശനം | സെപ്റ്റംബർ<br>ഒക്ടോബർ |
| ക്ലാസുകളിലെ വായനാശീലം കുറയുന്നു. | ഓരോ ക്ലാസിലും രണ്ടാഴ്ച കൂടുമ്പോൾ ലൈബ്രറി പുസ്തകങ്ങൾ നൽക്കുന്നു . തുടർന്ന് ആ പുസ്തകവുമായി ബന്ധപ്പെട്ട ആസ്വാദനക്കുറിപ്പ് മത്സരം<br><br>നാടൻ പാട്ട് ശേഖരണം, അവതരണം, നാടൻപാട്ട് കലാകാരനുമായി .<br><br>യു.എസ്.എസുമായി ബന്ധപ്പെട്ട് നൽകാനുള്ള ചോദ്യങ്ങൾ ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ടും നൽകി വരാൻ തീരുമാനിച്ചിട്ടുണ്ട്. | നവംബർ |

| | | |
|---|---|---|
| വ്യത്യസ്ത സാഹിത്യകലകൾ പരിചയപ്പെ ടുന്നതിന്. | പഠനയാത്ര .<br><br>ക്ലാസ്തല പതിപ്പ്<br><br>അഭിനയം - ശില്പശാല കഥാസന്ദർഭം ചിത്രീക രണം, ബഷീർപുസ്തകങ്ങളുടെ പ്രദർശനം. | നവംബർ<br><br>ഡിസംബർ |
| രചനയുമായി ബന്ധപ്പെട്ട് ഉയർന്ന് സാഹിത്യശേഷി കൈവരിക്കൽ. | കുട്ടികൾ അവർ തയ്യാറാക്കിയ സൃഷ്ടിൾ ചേർത്തുവച്ച് മാസികകൾ തയ്യാറാക്കുന്നു . | ജനുവരി |
| ഭാഷാപരമായ അടിസ്ഥാന ശേഷികൾ കൈവരിക്കൽ | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. അത്തരം കുട്ടികൾക്ക് ഏത് സമയത്തും വായിക്കാൻ പറ്റുന്ന രീതിയിൽ വായനാമൂല സജ്ജീകരിക്കൽ . | ഫെബ്രുവരി<br>മാർച്ച് |

അക്കാദമിക മാസ്റ്റർ പ്ലാൻ അറബിക്

ലക്ഷ്യങ്ങൾ

- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക.
- തെറ്റ് കൂടാതെ അറബി ഭാഷ വായിക്കുവാനും എഴുതുവാനും കുട്ടികൾക്ക് സാധ്യമാവുക.
- അറബി അക്ഷരങ്ങളിലേക്കും, അതിൽനിന്ന് വാക്കുകളിലേക്കും ചെറു വാചകങ്ങളിലേക്കും കുട്ടിയെ എത്തിക്കുക
- ഭാഷാശേഷി വർദ്ധിപ്പിക്കുക.
- പദസമ്പത്ത് അധികരിപ്പിക്കുക.
- വായനാ താല്പര്യം, കുട്ടികളിൽ വർദ്ധിപ്പിക്കുക
- കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബി ഭാഷാപഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
- വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠന നേട്ടങ്ങളിലൂടെ കുട്ടികളിൽ ഉറപ്പുവരുത്തുക.
- ഭാഷാ പഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും അത് വികസിപ്പിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.
- സർഗ്ഗ കഴിവുകളെ ഭാഷാ പഠനത്തിലൂടെ വികസിപ്പിച്ചെടുക്കുക.
- റോഡ് നിയമങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം.
- സഹജീവി സ്നേഹം കുട്ടികളിൽ വളർത്തുക.

| പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല |
|---|---|---|---|
| കൈത്താങ്ങ് | പ്രീ ടെസ്റ്റ് നടത്തി പഠനത്തിൽ പിന്നോട്ട് നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക. അക്ഷര കാർഡുകൾ വാക്കുകളടങ്ങുന്ന ചിത്രകാർഡുകൾ എന്നിവ ഉപയോഗപ്പെടുത്തി കുട്ടികളെ മുന്നോട്ടു കൊണ്ടുവരിക. | ജൂൺ<br>ജൂലൈ | അധ്യാപകൻ |
| പദപരിചയം | ആഴ്ചയിൽ ഒരിക്കൽ പാഠപുസ്തകത്തിലെ പദങ്ങൾക്ക് പുറമേ അഞ്ച് വാക്കുകൾ കൂടി ശേഖരിക്കുവാൻ സാഹചര്യങ്ങൾ ഒരുക്കുന്നു. കുട്ടികൾ തയ്യാറാക്കുന്ന വിവരണങ്ങളെയും ഉപയോഗപ്പെടുത്തുന്നു. | ആഗസ്റ്റ് | അധ്യാപകൻ |
| സംഭാഷണം | ദൈനംദിന സാഹചര്യങ്ങളിലുള്ള സംഭാഷണങ്ങളിൽ അറബി | ആഗസ്റ്റ് മുതൽ മാർച്ച് | അധ്യാപകൻ |

| | | | |
|---|---|---|---|
| | സംസാരങ്ങൾക്ക് സാഹചര്യം ഒരുക്കുന്നു. | വരെ | |
| നിഘണ്ടു നിർമ്മാണം. | അറബി വാക്കുകളുടെയും വാചകങ്ങളുടെയും അർത്ഥങ്ങൾ മനസ്സിലാക്കാൻ സഹായിക്കുക. | സെപ്റ്റം ബർ മുതൽ മാർച്ച് വരെ | അധ്യാപകൻ |
| യു എസ് എസ് എക്സാമിന് വേണ്ടിയുള്ള മുന്നൊരുക്കം. | ജൂലൈ മാസം മുതൽ തന്നെ ഒരു ദിവസം ഒരു ചോദ്യം എന്ന രീതിയിൽ കുട്ടികളെ പരിചയപ്പെടുത്തുക. | | അധ്യാപകൻ |
| | ഇത് ആഴ്ചയിൽ 4 ചോദ്യങ്ങൾ എന്ന രീതിയില് കുട്ടികളെ എത്തിക്കുമ്പോൾ യുഎസ്എസ്, എക്സാമിന് കുട്ടികൾ തൽപര്യം പ്രകടമാവുന്നു. | | അധ്യാപകൻ |
| പദനിർമ്മാണം തുടർന്ന് വാചകങ്ങളിലേക്ക്. | ഫലസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് വേണ്ടി അന്താക്ഷരി എന്ന രസകരമായ കളിയിലൂടെ അവരെ വാക്കുകളിലേക്കും തുടർന്ന് വാചകങ്ങളിലേക്ക് എത്തിക്കുന്നു | | അറബിക് |

അക്കാദമിക മാസ്റ്റർ പ്ലാൻ ഉർദു

പൊതു ലക്ഷ്യങ്ങൾ

- ഉറുദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- ഉർദു ഭാഷയെക്കുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക

| | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് |
|---|---|---|---|
| 1 | പ്രീ ടെസ്റ്റ് | കുട്ടികളുടെ നിലവാരം മനസ്സിലാക്കുന്നതിനായി പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ |
| 2 | എഴുത്ത്,വായന | വാക്കുകളും വാചകങ്ങളും അടങ്ങിയ വായനാ കാർഡുകൾ, ICT എന്നിവയിലൂടെ വായന,എഴുത്ത് എന്നിവ മെച്ചപ്പെടുത്തി സമാനമായ വായനാ കാർഡുകൾ നിർമ്മിക്കുന്നു. | ജൂലൈ- ഓഗസ്റ്റ് |
| 3 | വാചക നിർമ്മാണം | വായന കാർഡ്, ബാല മാസിക പാഠപുസ്തകം എന്നിവയുടെ സഹായത്തോടെ ചെറിയ ചെറിയ വാചകങ്ങൾ നിർമ്മിക്കുന്നു. | സെപ്റ്റംബർ- ഒക്ടോബർ |
| 4 | വിവരണം | ചിത്രങ്ങൾ നോക്കി വിവരണം തയ്യാറാക്കുന്നു. | നവംബർ- ഡിസംബർ |
| 5 | ഉർദു ദിനത്തിന്റെ പ്രാധാന്യം, സർഗാത്മകത വളർത്തൽ | ഉർദുദിന അസംബ്ലി, ടാലന്റ് മീറ്റ്. കുട്ടികളിലെ സർഗാത്മക കഴിവുകൾ വളർത്തിയെടുക്കുന്നതിനായി കലോത്സവത്തിൽ പങ്കെടുപ്പിക്കുന്നു. | അതത് ദിനങ്ങളിൽ |
| 6 | ബഡി കിത്താബ് | കുട്ടികളുടെ ക്ലാസ് തല പ്രവർത്തനങ്ങൾ,രചനകൾ എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള പുസ്തകം | ജൂലൈ മുതൽ മാർച്ച് |
| 7 | പതിപ്പ് | കുട്ടികളുടെ മികച്ച പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പതിപ്പ് തയ്യാറാക്കുന്നു. | ജനുവരി മുതൽ ഫെബ്രുവരി വരെ |
| 8 | യു.എസ്.എസ് | യു.എസ്.എസ് പരീക്ഷയ്ക്കുള്ള മുന്നൊരുക്കം എന്ന നിലയിൽ ആഴ്ചയിൽ 4 ചോദ്യങ്ങൾ വീതം നൽകുന്നു. | ജൂലൈ മുതൽ മാർച്ച് വരെ |

അക്കാദമിക് മാസ്റ്റർ പ്ലാൻ  സംസ്കൃതം

<u>ലക്ഷ്യങ്ങൾ</u>

- എല്ലാ കുട്ടികളെയും ഭാഷാപഠന തൽപരരാക്കുന്നു
- അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
- കുട്ടികളിൽ സംസ്കൃതം വായിക്കാനും എഴുതാനുമുള്ള ശേഷി വർദ്ധിപ്പിക്കുക.
- മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ.
- സംസ്കൃതനാചരണം സ്കൂൾതല മത്സരങ്ങൾ നടത്തി സബ് ജില്ലാതലത്തിൽ പങ്കെടുപ്പിക്കൽ.
- വായന വാരത്തോട് ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
- സംസ്കൃതം സ്കോളർഷിപ്പിന് പരിശീലനം കൊടുക്കൽ.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ രസകരമായ പഠന പ്രവർത്തനങ്ങളിലൂടെമുന്നോട്ടുകൊണ്ടുവരൽ.
- ജൂലൈ മുതൽ കലോത്സവത്തിനുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകൽ.
- സംസ്കൃതം മാസിക കുട്ടികളുടെ ഭാവന അനുസരിച്ച് തയ്യാറാക്കൽ.

| പ്രവർത്തനം | പ്രവർത്തനഘട്ടം | കാലം | ചുമതല |
|---|---|---|---|
| അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | പ്രീ ടെസ്റ്റ് നടത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക. അക്ഷര കാർഡിലൂടെയും വാക്കുകൾ എഴുതിയ കാർഡ് എന്നിവ ഉപയോഗിച്ച് അവരെ അക്ഷരം പഠിപ്പിക്കുക. അക്ഷരമാല പ്രദർശനം അക്ഷരമാല കളികൾ അക്ഷരമരം നിർമ്മിക്കൽ പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ ജൂലൈ | സംസ്കൃതം അധ്യാപിക. |
| സംസ്കൃത ഭാഷാ പഠന താൽപര്യം വർദ്ധിപ്പിക്കുക. | ചിത്രങ്ങളുടെ പേര് പറയൽ, ചിത്രകഥകൾ. നാം ഉപയോഗിക്കുന്ന പല വാക്കുകളും സംസ്കൃതം ആണെന്ന് കുട്ടിയെ അറിയിക്കുന്ന കഥകളും കവിതകളും സംസ്കൃതത്തിൽ കേൾപ്പിക്കുന്നു. വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ പരിചയപ്പെടുത്തുക. | ഓഗസ്റ്റ് മുതൽ ഒക്ടോബർ | സംസ്കൃതം അധ്യാപിക. |
| ശബ്ദകോശ നിർമ്മാണം. ചിത്രപഥകോശ നിർമ്മാണം. | സംസ്കൃതം വാക്കുകളുടെയും വാചകങ്ങളുടെയും അർത്ഥങ്ങൾ മനസ്സിലാക്കാൻ സഹായിക്കുക. വിവിധ പക്ഷികൾ മൃഗങ്ങൾ പൂക്കൾ എന്നിവയുടെ ചിത്രങ്ങൾ നോട്ട് ബുക്കിൽ ഒട്ടിച്ച് വിവരണങ്ങൾ നൽകാൻ ആവശ്യപ്പെടുന്നു. | ഒക്ടോബർ നവംബർ | അധ്യാപിക. |
| മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | ക്വിസ് മത്സരം നടത്തുന്നു മാതൃക ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. സംസ്കൃത സ്കോളർഷിപ്പിനും യുഎസ്എസ് പരീക്ഷയ്ക്കും പരിശീലനം നൽകുന്നു. | ഓഗസ്റ്റ് മുതൽ മാർച്ച് വരെ | അധ്യാപിക. |
| സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം | പദങ്ങൾ കൊടുത്തും കഥാസ്തംഭം കൊടുത്തും കുട്ടികൾ കവിതകൾ കഥകൾ എന്നിവ നിർമ്മിക്കുന്നു. | ജനുവരി മുതൽ മാർച്ച് വരെ | അധ്യാപിക. |

| | | | |
|---|---|---|---|
| നൽകൽ. | | | |
| സംസ്കൃത ഭാഷ പഠനനേട്ടങ്ങൾ കൈവരിക്കൽ. | പഠനോപകരണ നിർമ്മാണം പതിപ്പ് നിർമ്മാണം.<br>പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്. | ഓഗസ്റ്റ് മുതൽ മാർച്ച് വരെ | അധ്യാപിക. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ഹിന്ദി 2025

## विध्यापथ - വിദ്യാപഥം

| Sl. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | 5,6,7 ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും ഹിന്ദി അക്ഷരം ഉറപ്പിക്കൽ - അഞ്ചാം ക്ലാസ്സ് മുതൽ തുടങ്ങുന്ന ഹിന്ദി പഠനം ഇഷ്ടപ്പെടാനും പുതിയ ഭാഷയിലെ അക്ഷരങ്ങൾ പരിചയപ്പെടാനും പഠിക്കുന്നതിനും പ്രാപ്തരാക്കുക. | അക്ഷരങ്ങൾ മനസ്സിലാക്കു പഠിക്കുന്നതിന് പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങൾ പഠിപ്പിച്ച്, ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് എന്നിവ കാണിക്കുക എന്നിങ്ങനെ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | |
| 2 | ഹിന്ദി വായന - ഹിന്ദി തെറ്റു കൂടാതെയും ഭയമില്ലാതെയും ഇഷ്ടത്തോടെയും വായിക്കുന്നതിനും പഠിക്കുന്നതിനുമുള്ള ശ്രമം എല്ലാ കുട്ടികളിലും എത്തിക്കും. | പുസ്തകങ്ങളും ചിത്രകഥകളും നിരന്തരം വായിച്ച് കേൾപ്പിച്ചും താഴെ ഹിന്ദി എഴുതി കാണിക്കുന്ന വീഡിയോകൾ കാണിച്ചും ആകർഷിച്ച് എല്ലാ കുട്ടികളെയും ഹിന്ദിയിലേക്ക് ആകർഷിപ്പിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | | |
| 3 | ഹിന്ദിയിൽ സംസാരിക്കുന്നത് - നിത്യ ജീവിതത്തിൽ അത്യാവശ്യം വരുന്ന കാര്യങ്ങൾ ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുന്നതിനുള്ള പരിശ്രമം. | ക്ലാസ്സിൽ ചെറിയ ചെറിയ കാര്യങ്ങൾ ഹിന്ദിയിൽ സംസാരിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യും. കൂടാതെ ക്ലാസ്സിൽ അധ്യാപകൻ ഹിന്ദി തെറ്റി വായിക്കുകയും കുട്ടികളോട് ആ തെറ്റ് ചൂണ്ടിക്കാണിച്ച് ശരിയാക്കി വായിക്കാനവസരം നൽകുകയും അതൊരു മത്സരവായനയാക്കി തെറ്റാവർത്തിക്കാത്തവർക്ക് പ്രോത്സാഹനവും മറ്റുള്ളവർക്ക് പ്രചോദനമാവും വിധം പ്രാവർത്തികമാക്കുകയും ചെയ്യും. | ജൂൺ മുതൽ ഫെബ്രുവരി വരെ | | |

ACADEMIC MASTER PLAN 2025-26 ENGLISH

| AIM | ACTIVITIES | DURATION | CHARGE |
|---|---|---|---|
| To listen English carefully and to read | Lend your ear<br>Providing students with audio clips and direct students to give answers accordingly<br>Follow Me If You Can enable students to follow simple instructions given by the teacher | JUNE | |
| Develops reading skill | Provides reading card simple to Complex providing students with small library books and makes them to read in small extract | JULY | |
| Enable students to write in English | Preparing symbol slogan notice and posters and exhibit in the classroom itself<br>Providing language games<br>Make students to write an prepare puzzles and other small language activities and presenting in class | Aug<br>Sep | |
| Develop various skills | Under the guidance of English club organising different competitions like speech competition recitation story and Poem writing | Oct | |
| Addressing slow proficiency learners | Giving students micro level attention by providing them with reading and writing activities | Nov<br>Dec | |

| | | | |
|---|---|---|---|
| Making children's Entry presentations | Magazine preparations<br>Selecting the best of students entry and publishing of magazine<br>English fest<br>Exhibiting people creative talents through stage activities and exhibiting the learning products | Jan<br><br><br>Feb | |

അടിസ്ഥാന ശാസ്ത്രം.
പ്രവർത്തനങ്ങൾ നടത്തുന്നത്... സയൻസ് ക്ലബ്.
STREAM.Little experts programmes

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യപരമായ ജീവിത ശീലങ്ങൾ. | പ്രകൃതി സംരക്ഷണം കൃഷി,ശുചിത്വ ശീലങ്ങൾ,പോഷകാഹാര പ്രാധാന്യം,വ്യായാമം, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, | 2025-26 | സയൻസ് ക്ലബ്ബ് | |
| പരീക്ഷണം നിരീക്ഷണം മാതൃകാ നിർമ്മാണം | ജലസംരക്ഷണം, വിത്ത് ശേഖരണം, മാതൃക നിർമ്മാണം, ഹെർബേറിയം, സർക്യൂട്ട് നിർമ്മാണം,എമർജൻസി ലാബ് നിർമ്മാണം,ഇല ക്രോമാറ്റോഗ്രാഫി,ആവർത്തന പ്രതിപതനം, പെരിസ്കോപ്പ്, കസ്കോപ്പ്. | 2025-26 | സയൻസ് ക്ലബ്ബ് | |
| ശാസ്ത്രം നൂതന ആശയങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കാൻ | ആക്ടിവിറ്റി കൈപ്പുസ്തകം | 2025- | സയൻസ് ക്ലബ്ബ് | |
| ശാസ്ത്ര അവബോധം വളർത്തിയെടുക്കൽ | ശാസ്ത്ര ലൈബ്രറി ശേഖരണം സജ്ജീകരണം | 2024- | സയൻസ് ക്ലബ്ബ് | |
| ഭാവിയിലെ ശാസ്ത്രജ്ഞരെ വളർത്തിയെടുക്കാൻ. | ഫീൽഡ് ട്രിപ്പ് വിജ്ഞാനകേന്ദ്ര സന്ദർശനം സംവാദം,സർവ്വേ, പ്രൊജക്ടർ,സെമിനാർ. | 2025- | സയൻസ് ക്ലബ്ബ് | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ
### സോഷ്യൽ സയൻസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന വിവരങ്ങ-ളിലൊന്നായ ഭൂഖണ്ഡ-ങ്ങളുടെയും രാജ്യങ്ങളുടെയും സംസ്ഥാനങ്ങളും ജില്ലകളുടെയും സ്ഥാനം തിരിച്ചറിയൽ | ഓരോ ദിവസവും നിശ്ചിത എണ്ണം സംസ്ഥാനങ്ങളും ജില്ലകളും ഭൂഖണ്ഡങ്ങളും പഠിച്ച് വരുകയും കൃത്യമായി അടയുള്ളപ്പെടുത്തുകയും ചെയ്യുന്നു. | ജൂൺ -മാർച്ച് |
| USS,NAS | ഓരോ പാഠഭാഗവും അവസാനിക്കുമ്പോൾ objective type Questions കണ്ടെത്തി എഴുതുന്നു | ജൂൺ -മാർച്ച് |
| സാമൂഹ്യശാസ്ത്ര് വിഷയവുമായി ബന്ധപ്പെട്ട പുതിയ വാക്കുകളും അവയുടെ അർത്ഥങ്ങളും മനസിലാക്കുന്നതിന്. | സാമൂഹ്യശാസ്ത്ര നിഘണ്ടു | ജൂൺ -മാർച്ച് |
| . ജനാധിപത്യത്തിന്റെ മൂല്യങ്ങൾ തിരിച്ചറിയുന്നതിനും തിരഞ്ഞെടുപ്പ് ഘട്ടങ്ങൾ മനസിലാക്കുന്നതിനും | ഇലക്ഷൻ | ജൂൺ |
| നാടൻ വിഭവങ്ങളുടെ മേന്മകൾ തിരിച്ചറിയുന്നതിനും വിതരണം നടത്തുന്നതിനും | നാടൻ വിഭവങ്ങളുടെ ഫെസ്റ്റ് | ജൂലൈ |
| ലഹരിയുടെ ദൂഷ്യഫലങ്ങൾ മനസ്സിലാക്കുന്നതിന് | • ലഹരി എന്ന വിപത്തിനെ കുറിച്ച് 5 വാക്യങ്ങൾ ഉണ്ടാക്കുക,<br>• പോസ്റ്റർ നിർമ്മാണം ( നിരീക്ഷണ പുസ്തകം) | ജൂൺ |
| മധ്യകാല ഇന്ത്യയിലെ സാമൂഹിക സാംസ്കാരിക ഭരണപരമായ പ്രത്യേകതകൾ തിരിച്ചറിയുന്നതിന് | • മധ്യകാല ഇന്ത്യയിലെ ഭരണാധികാരികളുടെയും ചരിത്ര സ്മാരകങ്ങളുടെയും ചിത്രശേഖരണം<br>• രാജവംശങ്ങളുടെ വിവരങ്ങൾ ശേഖരിച്ച ലഘു വിവരണം തയ്യാറാക്കൽ | ജൂലൈ |
| വസ്ത്ര നിർമ്മാണ മേഖലയിലെ വൈവിധ്യം തിരിച്ചറിയൽ | ഫീൽഡ് ട്രിപ്പ്( കുത്താം പുള്ളി) | ഓഗസ്റ്റ് |
| യുദ്ധം വരുത്തി വയ്ക്കുന്ന വിപത്തുകൾ തിരിച്ചറിയുന്നതിന് | • ഹിരോഷിമ നാഗസാക്കി ലഘു വിവരണം | ഓഗസ്റ്റ് |

| | | |
|---|---|---|
| യുദ്ധവിരുദ്ധ മനോഭാവം വളർത്തുന്നതിന് | തയ്യാറാക്കൽ<br>● സുഡോപ്പ കൊക്കിനെ നിർമിച്ച് നിരീക്ഷണ പുസ്തകത്തിൽ ഒട്ടിക്കൽ<br>● യുദ്ധത്തിൻറെ ഭീകരത വ്യക്തമാക്കുന്ന പത്രവാർത്തകൾ ശേഖരിച്ച നിരീക്ഷണ പുസ്തകത്തിൽ ചേർക്കൽ | |
| ഭൂമിയുടെ ഉള്ളറയുടെ രഹസ്യങ്ങൾ മനസ്സിലാക്കുന്നതിന് | ഭൂമിയുടെ ഉള്ളറ മാതൃക നിർമ്മിക്കൽ | സെപ്റ്റംബർ |
| അന്തരീക്ഷത്തിന്റെ വിവിധ പാളികൾ മനസ്സിലാക്കുന്നതിന് | വായനക്കാരുടെ നിർമ്മാണം | സെപ്റ്റംബർ |
| ഗാന്ധിജയന്തി വയോജന ദിനം- കുട്ടികളിൽ സഹജീവികളോടുള്ള സ്നേഹവും സഹാനുഭൂതിയും വളർത്തുന്നതിന് | അഗതിമന്ദിരം സന്ദർശനം സ്നേഹോപകാരങ്ങൾ പങ്കുവെക്കൽ | ഒക്ടോബർ 2 |
| കാലാവസ്ഥാ വ്യതിയാനം തിരിച്ചറിയൽ | ● നിരീക്ഷണ പുസ്തകത്തിൽ കുറിപ്പ് തയ്യാറാക്കൽ<br>● മൺസൂൺ ജനജീവിതത്തിൽ ചെലുത്തിയ സ്വാധീനം<br>● പ്രകൃതിദുരന്തങ്ങൾ | ഒക്ടോബർ |

പദ്ധതി വിശദാംശങ്ങൾ – വിഷയാടിസ്ഥാനത്തിൽ

ഗണിതം:-

➢ അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നത്**-MATH CLUB**

➢ സഹായക ദ്ധതികൾ **– Math Circle Programme ,conducted with the help of IIT PALAKKAD, DIET, SSK**

| അക്കാദമിക മാസ്റ്റർ പ്ലാൻ യുപി ഗണിതം<br>മദർ തെരേസ യുപി സ്കൂൾ വടക്കഞ്ചേരി | | | | |
|---|---|---|---|---|
| ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | |
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഗണിത വിജയം പോലുള്ള പുസ്തകം ഉപയോഗിച്ച് വ്യത്യസ്ത രീതിയിലുള്ള ക്രിയകൾ പരിചയപ്പെടുത്തുന്നു.<br>കളികളിലൂടെ ഗണിതം കൂടുതൽ ആസ്വാദ്യം ആക്കുന്നു.<br>ശിൽപ്പശാലകൾ നടത്തി ഗണിതം കൂടുതൽ ലളിതവും ആകർഷകവും ആകുന്നു | 2025-2026 | ഗണിത അധ്യാപകർ . | |
| സംഖ്യകളോടുള്ള ഇഷ്ടം വർദ്ധിപ്പിക്കൽ | ദൈനംദിന വ്യവഹാരങ്ങളിലൂടെയും കളികളിലൂടെയും സംഖ്യകളുടെ ആശയം കുട്ടികൾക്ക് ആകർഷകമാക്കുന്നു. | ജൂലൈ, ആഗസ്റ്റ് | ഗണിത ക്ലബ്ബ് അംഗങ്ങൾ ,ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്ക് എത്തിക്കുന്നു. | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും ഗണിതത്തിൽ മുന്നോട്ട് നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശം നൽകുന്നു. | ജൂൺ - മാർച്ച് | ഗണിത അധ്യാപകർ , ഗ്രൂപ്പ് ലീഡേഴ്സ് | |
| ഗണിതലാബ് ശാക്തീകരണം | ഗണിത രൂപങ്ങളുടെ നിർമ്മാണം | ജനുവരി, ഫെബ്രുവരി | ഗണിത ക്ലബ്ബും ഗണിത അധ്യാപകരും | 2000 |
| ഗണിത പേടി മാറ്റുക. | മികച്ച ഗണിത ഗ്രന്ഥങ്ങൾ ഉൾപ്പെടുത്തി ഗണിത ലൈബ്രറി സജ്ജീകരിക്കുക.<br>ഗണിത കളികൾ , പസ്സിൽ , ഗണിത നാടകങ്ങൾ, ഗണിത ക്വിസ് എന്നിവ അവതരിപ്പിക്കാനും ഉത്തരം കണ്ടെത്താനും അവസരം നൽകുന്നു. | സെപ്റ്റംബർ, ഒക്ടോബർ | ഗണിത അധ്യാപകർ , ക്ലബ്ബ് അംഗങ്ങൾ. | 2500 |

| | | | | |
|---|---|---|---|---|
| വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | നവംബർ, ഡിസംബർ | പിടിഎ, ഗണിത അധ്യാപകർ, SRG. | 2000 |

അക്കാദമിക് മാസ്റ്റർ പ്ലാൻ ഐ.ടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|
| ഓരോ കുട്ടികൾക്കും ഐസിസി കൈകാര്യം ചെയ്യാനുള്ള കഴിവ് | ടൈംടേബിൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പ്രവർത്തനം | 2025 2026 | ക്ലാസ് ടീച്ചർ |
| പൂർണ്ണമായും ഇൻറർനെറ്റ് ഫെസിലിറ്റി | മാനേജ്മെന്റിന്റെയും രക്ഷിതാക്കളുടെയും ഇടപെടൽ | 2025 2026 | ക്ലാസ് ടീച്ചർ |
| ഈ ലൈബ്രറി. കുട്ടികൾക്ക് പഠനം ലളിതവും രസകരവും ആക്കുക . ഐടി ക്വിസ് തയ്യാറെടുപ്പ് | ഇൻറർനെറ്റ് സൗകര്യം ഒരുക്കൽ, മലയാളം ടൈപ്പിംഗ്, ഡിജിറ്റൽ പെയിൻറിംഗ്,ഗെയിം തുടങ്ങിയവയുടെ പരിശീലനം . ഐടി ക്വിസ് പരിശീലനം | 2025 2026 | ക്ലാസ് ടീച്ചർ |